2023
DECEMBER
09
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കാനം രാജേന്ദ്രൻ അന്തരിച്ചു



**കൊച്ചി:** സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ (73) അന്തരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രമേഹ രോഗത്തിന ് ചികിത്സയിൽ കഴിയവെ ഹ!്യദയാഘാതം ഉണ്ടായതിനെ തുടർന്നായിരുന്നു അന്ത്യം. ഭൗതികദേഹം ശനിയാഴ്ച രാവിലെ ഏഴുമണിയോടെ ഹെലികോപ ്ററിൽ തിരുവനന്തപുരത്തേക്ക് കൊണ്ടുപോകും. തുടർന്ന് ഇടപ്പഴിഞ്ഞി വിവേകാനന്ദനഗറിലെ മകന്റെ വസതിയിലും സിപിഐ ആസ്ഥാനമായ പട്ടം പി എസ് സ്മാരകത്തിലും പൊതുദർശനത്തിന് വയ്ക്കും. ശേഷം വിലാപയാത്രയായി കോട്ടയത്തേക്ക് കൊണ്ടുപോകും. സിപിഐ ജില്ലാ കമ്മിറ്റി ഓഫിസിൽ പൊതുദർശനത്തിനു ശേഷം കാനത്തുള്ള വസതിയിൽ എത്തിക്കും. ഞായറാഴ്ച രാവിലെ 10നാണ് സംസ്കാരം.

1950 നവംബർ 10ന് കോട്ടയം ജില്ലയിലെ കൂട്ടിക്കലിൽ വി.കെ.പരമേശ്വരൻ നായരുടേയും ടി.കെ. ചെല്ലമ്മയുടേയും മകനായാണ് ജനനം. വാഴൂർ എസ്‌വിആർ എൻഎസ്എസ് സ്കൂൾ, കോട്ടയം ബസേലിയോസ് കോളജ്, മോസ്കോ ഇന്റർനാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലായിരുന്നു പഠനം. ഭാര്യ: വനജ. മക്കൾ: സന്ദീപ്, സ്മിത. മരുമക്കൾ താരാ സന്ദീപ്, വി സർവേശ്വരൻ.

### ചൈനീസ് സ്മാർട്ട്ഫോൺ നിർമാതാക്കളായ വിവോ ഇന്ത്യ

## 62,476 കോടി രൂപ നിയമവിരുദ്ധമായി കൈമാറ്റം ചെയ്തുവെന്ന് ഇഡിയുടെ കുറ്റപത്രം





**ന്യൂഡൽഹി:** കള്ളപ്പണം വെളുപ്പിക്കൽ കേസുമായി ബന്ധപ്പെട്ട് ചൈനീസ് സ്മാർട്ട്ഫോൺ നിർമാതാക്കളായ വിവോ ഇന്ത്യയ്ക്കെതിരെ ഇഡി ആദ്യ കുറ്റപത്രം സമർപ്പിച്ചതിന് പിന്നാലെ കേസുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ കൂടി ഉടൻ പുറത്ത് വന്നേക്കും.

കന്പനിയുമായി ബന്ധപ്പെട്ട് കള്ളപ്പണം വെളുപ്പിക്കൽ കേസുമായി ബന്ധപ്പെട്ട് ലാവ ഇൻററനാഷണൽ മൊബൈൽ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ഹരി ഓം റായിയടക്കം നാലുപേർ നേരത്തെ അറസ്റ്റിലായിരുന്നു.

ചാർട്ടേഡ് അക്കൗണ്ടൻറുമാരായ നിതിൻ ഗാർഗ്, രാജൻ മാലിക്, ചൈനീസ് പൗരനായ ഗ്വാങ്‌വെൻ എന്ന ആൻഡ്രൂ കുവാങ് എന്നിവരാണ് കസ്റ്റഡിയിലുള്ള മറ്റുള്ളവർ. വിവോ കമ്പനിയുമായി 2014 മുതൽ ഒരു ബന്ധവുമില്ലെന്നാണ് ഹരി ഓം റായ് കോടതിയിൽ പറഞ്ഞത്. ഇവർക്ക് പുറമേ വിവോ ഇന്ത്യയേയും കേസിൽ പ്രതിചേർത്തിട്ടുണ്ടെന്ന് ഇഡി അധികൃതർ വ്യക്തമാക്കിയിരുന്നു. രാജ്യത്തിൻറെ സാമ്പത്തിക പരമാധികാരത്തിന് ദോഷകരമാകുന്ന തരത്തിൽ വിവോ ഇന്ത്യയെ പ്രതികൾ സഹായിച്ചെന്ന് ഇഡി കുറ്റപത്രത്തിൽ പറയുന്നു. ഇന്ത്യയിൽ നികുതി അടയ്ക്കാതിരിക്കാൻ വിവോഇന്ത്യ ചൈനയിലേക്ക് 62,476 കോടി രൂപ നിയമവിരുദ്ധമായി കൈമാറ്റം ചെയ്തുവെന്നാണ് ഇഡിയുടെ ആരോപണം.

കേസുമായി ബന്ധപ്പെട്ട് 2022ൽ വിവോ മൊബൈൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഗ്രാൻഡ് പ്രോസ്പെക്റ്റ് ഇൻററനാഷണൽ കമ്മ്യൂണിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് അടക്കമുള്ള സ്ഥാപനങ്ങൾക്കുമെതിരെ ഇഡി വിവിധ ഭാഗങ്ങളിലായി തിരച്ചിൽ നടത്തിയിരുന്നു.

കേസുമായി ബന്ധപ്പെട്ട 23 കമ്പനികളുടെ ഓഫീസുകളിലാണ് അധികൃതർ തിരച്ചിൽ നടത്തിയത്.

## ഗോതമ്പ് പൂഴ്ത്തിവയ്പ്പ് തടയാൻ നടപടി

**ന്യൂഡൽഹി:** പൂഴ്ത്തിവയ്പ്പും വിലക്കയറ്റവും തടയുന്നതിനായി സ്റ്റോക്ക് ഹോൾഡിങ് മാനദണ്ഡങ്ങൾ കൂടുതൽ കർശനമാക്കിയിരിക്കുകയാണ് സർക്കാർ. മൊത്തക്കച്ചവടക്കാർ, ചില്ലറ വ്യാപാരികൾ, വലിയ ചെയിൻ റീട്ടെയ്‌ലർമാർ, പ്രോസസറുകൾ എന്നിവരുടെ സ്റ്റോക്ക് ഹോൾഡിങ് മാനദണ്ഡങ്ങളാണ് കർശനമാക്കിയത്. വ്യാപാരികൾക്കും മൊത്തക്കച്ചവടക്കാർക്കും നിലവിലുള്ള 2000 ടണ്ണിൽ നിന്ന് 1000 ടണ്ണായി സ്റ്റോക്ക് പരിധി കുറച്ചതായി ഭക്ഷ്യ സെക്രട്ടറി സഞ്ജീവ് ചോപ്ര പറഞ്ഞു.ഓരോ ചില്ലറ വ്യാപാരിയുടെയും സ്റ്റോക്ക് പരിധി 10 ടണ്ണിന് പകരം ഇനി മുതൽ 5 ടൺ ആയിരിക്കും. ഒരു ബിഗ് ചെയിൻ റീട്ടെയ്‌ലർമാരുടെ ഓരോ ഡിപ്പോയ്ക്കും 5 ടണ്ണും അവരുടെ എല്ലാ ഡിപ്പോകൾക്കും മൊത്തം 1,000 ടണ്ണുമാണ് പരിധി നിശ്ചയിച്ചിരിക്കുന്നത്. കൃത്രിമ ക്ഷാമം തടയുന്നതിനും പൂഴ്ത്തിവയ്പ്പ് തടയുന്നതിനുമാണ് ഇത് ചെയ്തത്. പുതുക്കിയ സ്റ്റോക്ക് പരിധികൾ ഉടനടി പ്രാബല്യത്തിൽ വരും.

പുതുക്കിയ പരിധിയിലേക്ക് സ്റ്റോക്ക് കുറയ്ക്കാൻ വ്യാപാരികൾക്ക് 30 ദിവസത്തെ സമയം ലഭിക്കുമെന്നും സഞ്ജീവ് ചോപ്ര പറഞ്ഞു. എല്ലാ ഗോതമ്പ് സ്റ്റോക്കിങ് എൻറിറ്റികളും ഗോതമ്പ് സ്റ്റോക്ക് ലിമിറ്റ് പോർട്ടലിൽ https://evegoils.nic.in/wsp/login രജിസ്റ്റർ ചെയ്യണം.

## ജനുവരി അവസാനത്തോടെ ഉഷ്ണം ശക്തമാകും; ഉത്തരേന്ത്യയിൽ തണുപ്പിന്റെ കാലയളവ് കുറയും



**പാലക്കാട്:** ന്യൂനമർദവും ചുഴലിയുടെ സ്വാധീനവും കാരണം തുലാവർഷക്കാലം ഇതുവരെ മഴകൊണ്ടു സമൃദ്ധമായെങ്കിലും ജനുവരിയിൽ അവസാനത്തോടെ ഉഷ്ണം ശക്തമാകാൻ സാധ്യത. പല സംസ്ഥാനങ്ങളിലും ഡിസംബറിൽതന്നെ ഉഷ്ണം കൂടുമെന്നും അടുത്തവർഷം ജൂൺ,ജൂലൈ മാസത്തിൽവരെ കൂടിയ ചൂടിന് സാധ്യതയുണ്ടെന്നുമാണ് ഒരു വിഭാഗം കലാവസ്ഥ വിദഗ്ധരുടെ നിരീക്ഷണം. കേരളത്തിൽ ഉൾപ്പെടെ ദക്ഷിണേന്ത്യൻ മേഖലയിൽ കാലാവസ്ഥ എങ്ങനെ പ്രതിഫലിക്കുമെന്നതിനെക്കുറിച്ചു ഇപ്പോൾ നിഗമനം സാധ്യമല്ലെങ്കിലും പ്രതികൂല സാഹചര്യം ഉണ്ടാകാം. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും തണുപ്പിന്റെ കാലയളവ് കുറയുമെന്നാണ് കലാവസ്ഥാ കേന്ദ്രത്തിന്റെ( ഐഎംഡി) ഒടുവിലത്തെ നിഗമനം. അതു കൃഷിയെ സാരമായി ബാധിക്കും.

ചിലയിടങ്ങളിൽ തണുപ്പ് ഉണ്ടാകാനുള്ള സാധ്യതയും കമ്മിയുമാണ് യൂറോപ്പിൽ കഠിനമായ തണുപ്പ് നേരത്തേ ആരംഭിച്ചിട്ടും സാധാരണപോലെ ഇന്ത്യയിൽ തണുത്തക്കാറ്റ് എത്തിയിട്ടില്ല. യൂറോപ്പിൽ ഇതുവരെ ജനുവരി ആദ്യമാണ് തണുപ്പ് ശക്തമാകാറെങ്കിലും ഇപ്പോൾതന്നെ അത് അനുഭവപ്പെട്ടു തുടങ്ങിയത് കൃത്യമായ മാറ്റത്തിന്റെ സൂചനയാണ്. രണ്ടു സെന്റിമീറ്റർ മഞ്ഞ് വീഴ്ന്നിരുന്നിടത്ത് ഇത്തവണ 15 സെന്റീമീറ്ററായി ഉയർന്നു. എന്നാൽ, അടുത്തദിവസം അന്തരീക്ഷം കനത്ത ചൂടിന് വഴിമാറിയേക്കുമെന്നു നിഗമനമുണ്ട്. ചൂട് കൂടുന്നതോടെ മഞ്ഞ് ഉരുകിയൊലിച്ച് വെള്ളപ്പൊക്കമുണ്ടായേക്കാം. മൊത്തത്തിൽ ഋതുക്കളുടെ നിശ്ചിതസമയം, കുറച്ചുകാലത്തേക്കെങ്കിലും താറുമാറാകുമെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.



# ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള 2024 ജനുവരി 23 26 തിരുവനന്തപുരത്ത്

## കായിക നയം, കായിക സമ്പദ്ഘടനാ വികസനം, നവ കായിക കേരള സൃഷ്ടി എന്നിവ പ്രമേയം

## കായിക സമ്പദ്ഘടന വികസിപ്പിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം

**കൊച്ചി:** പുതിയ കായിക നയവും, കായിക സമ്പദ്ഘടനാ വികസന പ്രക്രിയയും ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ 2024 ജനുവരി 23 മുതൽ 26 വരെ ഒരു അന്താരാഷ്ട്ര കായിക സമ്മേളനം സംസ്ഥാന സർക്കാർ സംഘടിപ്പിക്കുകയാണ്.തിരുവനന്തപുരം കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്പോർട്സ് ഹബാണ് വേദി.

സംസ്ഥാനത്തിന്റെ കായിക രംഗത്ത് സമാനതകളില്ലാത്ത ആഗോള പങ്കാളിത്തവും നിക്ഷേപവും അന്താരാഷ്ട്ര കായിക സമ്മേളനം ലക്ഷ്യം വയ്ക്കുന്നതായി കായിക മന്ത്രി വി അബ്ദുറഹിമാൻ കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ഇന്റർനാഷണൽ സമ്മിറ്റിന്റെ ബ്രോഷർ കായിക മന്ത്രി, മുതിർന്ന കായിക മാധ്യമപ്രവർത്തകർക്ക് ആദ്യ പ്രതി നൽകി പ്രകാശനം ചെയ്തു. സ്പോർട്സ് ഡയറക്ടർ രാജിവ്കുമാർ ചൗധരി ചടങ്ങിൽ പങ്കെടുത്തു.20 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മിറ്റിൽ പങ്കെടുക്കും. അന്തർദേശീയ, ദേശീയ വിദഗ്ധർ പങ്കെടുക്കുന്ന കോൺഫറൻസുകൾ, അക്കാദമിക് സെഷനുകൾ, പേപ്പർ പ്രസന്റേഷനുകൾ, ഇൻവെസ്റ്റർ മീറ്റ്, സ്റ്റാർട്ടപ്പ് പിച്ച് & ഷോക്കേസ്, സ്പോർട്സ് ഗുഡ്സ് & സർവീസസ് എക്സിബിഷൻ, ഡെമോൺസ്ട്രേഷനുകൾ, സ്പോർട്സ് ഫിലിം ഫെസ്റ്റിവൽ, കേരള സ്പോർട്സ് ആർക്കൈവ്, സ്പോർട്സ് കമ്യൂണിറ്റി നെറ്റ്വർക്കിങ്ങ്, സ്പോർട് ആർട്, സ്പോർട്സ് മ്യൂസിക് ബാൻഡ്, ലോഞ്ച് പാഡ്, സിഎസ്ആർ കണക്ട്, റൗണ്ട് ടേബിൾ, വൺ ടു വൺ മീറ്റുകൾ, മോട്ടോറാക്സ്, ഇ സ്പോർട്സ് അരീന തുടങ്ങിയവ സമ്മിറ്റിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.



ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് ബ്രോഷർ പ്രകാശനം കായിക വകുപ്പ് മന്ത്രി മുതിർന്ന കായിക മാധ്യമപ്രവർത്തകർക്ക് ആദ്യ പ്രതി നൽകി നിർവഹിക്കുന്നു.

സ്പോർട്സ് ഇക്കോണമി, സ്പോർട്സ് ഇൻഡസ്ട്രി, വെൽനെസ്, ലീഗുകളും വലിയ ചാമ്പ്യൻഷിപ്പുകളും, ഗ്രാസ്റൂട്ട്സ് ഡെവലപ്മെൻറ്, അക്കാദമികളും ഹൈ പെർഫോർമൻസ് സെന്ററുകളും, ഇ സ്പോർട്സ്, സ്പോർട്സ് സയൻസ്, ടെക്നോളജി & എൻജിനീയറിങ്, തദ്ദേശീയ കായിക രൂപങ്ങൾ തുടങ്ങിയവയാണ് പ്രധാന കോൺഫറൻസ് തീമുകൾ.കേരളത്തിന്റെ കായിക മേഖലയിൽ നിക്ഷേപം, പങ്കാളിത്തം, സഹകരണം, പിന്തുണ എന്നിവയ്ക്ക് താല്പര്യമുള്ള മുഴുവൻ സ്ഥാപനങ്ങളെയും, വ്യക്തികളെയും സംസ്ഥാന സർക്കാർ സ്വാഗതം ചെയ്യുന്നു. പദ്ധതികൾ, നിക്ഷേപങ്ങൾ, പങ്കാളിത്ത ഓഫറുകൾ എന്നിവയുമായി അവർക്ക് മുന്നോട്ടു വരാം.

## പദ്ധതി വിശദാംശങ്ങൾ

**പശ്ചാത്തലം**

സംസ്ഥാനത്തിന്റെ പുതിയ കായിക നയം കാതലായ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതാണ്.

കായിക മികവിന്റെ പാരമ്യത്തിലേക്ക് കേരളത്തെ എത്തിക്കുക എന്നതിനൊപ്പം കായികം എല്ലാവരുടേതുമാക്കാൻ അത് വിഭാവനം ചെയ്യുന്നു.

കായിക സമ്പദ്ഘടന വികസിപ്പിക്കുക എന്നതാണ് പുതിയ കായിക നയത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.

ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം സ്പോർട്സ് ഇക്കോണമി വികസിപ്പിക്കുന്നത്.

എല്ലാ മേഖലകളുടെയും, വിഭാഗങ്ങളുടെയും പങ്കാളിത്തം സ്പോർട്സിലേക്ക് കൊണ്ടുവരുന്നതാണ് മറ്റൊരു ശ്രദ്ധേയമായ കാര്യം.

വികേന്ദ്രീകൃത സ്വഭാവത്തിൽ പദ്ധതി ആസൂത്രണവും, നിർവഹണവും കായിക നയം നിർദ്ദേശിക്കുന്നു.

പഞ്ചായത്ത്/ മുൻസിപ്പൽ സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണം ഈ ലക്ഷ്യത്തോടെയാണ്.

ഒരു നവ കായിക കേരള സൃഷ്ടിയാണ് അടിസ്ഥാനപരമായി കായിക നയം കൊണ്ട് ഉദ്ദേശിക്കുന്നത്.

**കായിക സമ്പദ്ഘടനയിലേക്ക് ചുവട് വച്ച് കേരളം**

കായിക മേഖലയെ സമ്പദ്ഘടനയുടെ ഭാഗമാക്കി വികസിപ്പിക്കാനും, ജിഎസ്ഡിപിയിൽ മികച്ച സംഭാവന നൽകുന്ന മേഖലയാക്കി വളർത്താനുമാണ് ലക്ഷ്യം. 2022 ൽ നടത്തിയ പീനത്തിൽ 10,000 11,000 കോടി രൂപയായിരുന്നു കേരള സമ്പദ്ഘടനയിൽ കായിക മേഖലയുടെ സംഭാവന. ഇത് 50,000 കോടിയുടെ മുകളിലെത്തിച്ച് 45% സംഭാവന ചെയ്യുന്ന മേഖലയാക്കി വളർത്താൻ ലക്ഷ്യമിടുന്നു.

**സ്പോർട്സ് ഇക്കോണമി ഇന്ത്യയിൽ ആദ്യം**

ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം കായിക സമ്പദ്ഘടന വികസിപ്പിക്കുന്നത്. യുഎസ്, യുകെ, ഓസ്ട്രേലിയ, ചൈന എന്നീ രാജ്യങ്ങളാണ് നിലവിൽ സ്പോർട്സ് ഇക്കോണമി വളർത്തിയെടുത്തിട്ടുള്ളത്.

**മൈക്രോ സമ്മിറ്റുകൾ**

അന്താരാഷ്ട്ര സമ്മിറ്റിന് മുന്നോടിയായി എല്ലാ ജില്ലകളിലും, മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്പോർട്സ് സമ്മിറ്റുകൾ സംഘടിപ്പിക്കുന്നുണ്ട്. ജില്ലാ സമ്മിറ്റുകൾ പൂർത്തിയായി. പഞ്ചായത്ത്/ മുൻസിപ്പൽ സമ്മിറ്റുകൾ ആരംഭിച്ചു. 1200 മൈക്രോ സമ്മിറ്റുകളാണ് സംഘടിപ്പിക്കുന്നത്.

ഈ സമ്മിറ്റുകളിൽ തദ്ദേശിയമായ പദ്ധതികളുടെ ആസൂത്രണമാണ് നടക്കുന്നത്. കൃത്യമായ മാർഗരേഖയുടെ അടിസ്ഥാനത്തിൽ അവിടെ വിഭവശേഷി മാപ്പിങ്ങ്, പദ്ധതി ആസൂത്രണം, വിഭവ സമാഹരണം എന്നിവ നടക്കുന്നു. തനത്, പ്ലാൻ ഫണ്ടുകളെ കായിക പദ്ധതികൾക്കായി ഇനി മേൽ പ്രയോജനപ്പെടുത്താൻ കഴിയും. വിഭവസമാഹരണത്തിനുള്ള മറ്റ് മാർഗങ്ങളും നിർദേശിച്ചിട്ടുണ്ട്.പഞ്ചായത്ത് തല സമ്മിറ്റുകളോടെ പഞ്ചായത്ത്, മുനിസിപ്പൽ സ്പോർട്സ് കൗൺസിലുകളെ പൂർണതോതിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതിക്ഷ.

**വിഭവശേഷി മാപ്പിങ്ങ്**

ഈ പ്രക്രിയയുടെ ഭാഗമായി നടത്തുന്ന സംസ്ഥാനത്തെ കായിക വിഭവശേഷിയുടെ മാപ്പിങ്ങ് കായിക വികസന പ്രക്രിയക്ക് ഉറച്ച അടിത്തറ നൽകുമെന്ന് പ്രതീക്ഷിക്കുന്നു. കായിക സൗകര്യങ്ങൾ, താരങ്ങൾ, പരിശീലകർ, സംഘാടകർ, ക്ലബുകൾ, കായിക മേഖലയെ പിന്തുണയ്ക്കാൻ സന്നദ്ധരായവർ എന്നിങ്ങനെ സമഗ്ര വിവരങ്ങളും ശേഖരിക്കുന്നുണ്ട്. ഇത് സമ്മിറ്റിൽ അവതരിപ്പിക്കും.

**റോഡ്മാപ്പ്**

എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകളും വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്തുകളും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കും. ഈ രൂപരേഖകൾ അന്താരാഷ്ട്ര സമ്മിറ്റിൽ അവതരിപ്പിക്കും.

**ഒരു പഞ്ചായത്ത് ഒരു കായിക പദ്ധതി**

ഒരു പഞ്ചായത്ത് / മുനിസിപ്പാലിറ്റി ഒരു ശ്രദ്ധേയമായ കായിക പദ്ധതിയെങ്കിലും ആസൂത്രണം ചെയ്യണമെന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. സ്മാർട്ട് വാക്ക് വേ, സൈക്കിൾ ട്രാക്ക്, നീന്തൽ സൗകര്യം, മിനി സ്പോർട്സ് കോംപ്ലക്സ്, കിഡ്സ് സ്പോർട്സ് പാർക്കുകൾ, മൾട്ടിപർപ്പസ് ഗ്രീൻ സ്പേസ് തുടങ്ങിയ പൊതു പദ്ധതികളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈ ഉണ്ടാകും.

**മാസ്റ്റർ പ്ലാനുകൾ**

സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മുഴുവൻ അസോസിയേഷനുകളും അതത് കായിക ഇനങ്ങളുടെ ദീർഘകാല വളർച്ച ലക്ഷ്യം വച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കും. പദ്ധതികൾക്ക് വാണിജ്യ പങ്കാളികളെ കണ്ടെത്തും. വൺ ഗെയിം വൺ പാർട്നർ സ്കീമും നടപ്പാക്കും. ഒരു സ്ഥാപനം ഒരു ഗെയിം ഏറ്റെടുക്കുന്ന രൂപത്തിലായിരിക്കും അത്.



**ഫെസിലിറ്റി മാനേജ്മെൻറ്**

സംസ്ഥാന സർക്കാർ കഴിഞ്ഞ 7 വർഷത്തിനിടയിൽ 1600 കോടി രൂപയുടെ നിക്ഷേപമാണ് കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ചത്. മുൻപ് ഉണ്ടായിരുന്നതും, ഇപ്പോൾ വികസിപ്പിച്ചതുമായ മുഴുവൻ കായിക സൗകര്യങ്ങളുടെയും പരിപാലനം ബ്രാൻഡിങ് / ഫെസിലിറ്റി മാനേജ്മെൻറ് രൂപത്തിൽ നിർവഹിക്കാനാണ് പദ്ധതി. ഈ സൗകര്യങ്ങളുടെ പൂർണ രൂപത്തിലുള്ള വിനിയോഗം, കൃത്യമായ പരിപാലനം എന്നിവ ഉറപ്പുവരുത്തുന്നതിനായാണ് ഈ സംവിധാനം തയ്യാറാക്കുന്നത്.

വകുപ്പുകളുടെ പങ്കാളിത്തം

തദ്ദേശസ്വയംഭരണം, വ്യവസായം, ആരോഗ്യം, സഹകരണം, പൊതു വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ടൂറിസം എന്നീ വകുപ്പുകൾ കായിക വകുപ്പിനൊപ്പം ഈ വികസന പ്രക്രിയയുടെ ഭാഗമായി മാറുന്നു. ഈ മേഖലകൾ പരസ്പരം ഏകോപിപ്പിച്ച് നടത്താവുന്ന പദ്ധതികൾക്കും, പരിപാടികൾക്കും രൂപം നൽകിയിട്ടുണ്ട്. അവ അന്താരാഷ്ട്ര സമ്മിറ്റിൽ പ്രഖ്യാപിക്കും. വിവിധ വകുപ്പുകൾ അവരുടെ പദ്ധതികളുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള കായിക, കായികാനുബന്ധ പരിപാടികൾ കായിക വകുപ്പുമായി ചേർന്ന് നടപ്പിലാക്കും.

കായിക സംരംഭങ്ങൾക്ക് വ്യവസായ പദവി

കായിക രംഗത്തെ ഉല്പാദന, സേവന രംഗത്തുള്ള സംരംഭങ്ങൾക്ക് ഇനി മുതൽ വ്യവസായ സംരംഭങ്ങളുടെ അതേ സ്റ്റാറ്റസ് ലഭിക്കും. എംഎസ്എംഇ വായ്പകൾക്ക് അവയെ പരിഗണിക്കും. 4 ശതമാനം പലിശ നിരക്കിൽ അവയ്ക്ക് വിപുലീകരണത്തിനാവശ്യമായ വായ്പ ലഭ്യമാക്കും.

**സ്വകാര്യ വ്യവസായ പാർക്കുകൾ കായിക രംഗത്തും**

സംസ്ഥാന വ്യവസായ വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യ വ്യവസായ പാർക്കുകൾക്കായി ഇനി കായിക സംരംഭങ്ങൾക്കും അപേക്ഷിക്കാം. മാനുഫാക്ചറിങ്, സ്പോർട്സ് മെഡിസിൻ, സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ, ന്യൂട്രസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകളിൽ നിന്നുള്ള സംരംഭങ്ങൾക്ക് സ്വകാര്യ വ്യവസായ പാർക്കുകളുടെ ഭാഗമാകാം.

**വാണിജ്യ, വ്യവസായ മേഖല**

വ്യവസായ, വാണിജ്യ മേഖലയിലെ മുഴുവൻ സംഘടനകളും, കൂട്ടായ്മകളും പദ്ധതിയുടെ ഭാഗമാകും. വ്യവസായികൾ സ്വന്തം നിലയിലോ സർക്കാർ സ്കീമുകളോട് ചേർന്നോ കായിക പദ്ധതികൾ ആവിഷ്ക്കരിക്കും. അവർക്കുള്ള ഗ്രീൻ ചാനൽ കായിക വകുപ്പ് ഒരുക്കും.

**സിഎസ്ആർ ഗ്രിഡ്**

പ്രമുഖ സ്ഥാപനങ്ങളെ പങ്കാളികളാക്കി കായിക വകുപ്പ് ഒരു സ്പോർട്സ് ഗ്രിഡ് രൂപീകരിക്കുന്നുണ്ട്. സമ്മിറ്റിന്റെ ഭാഗമായി രൂപപ്പെടുത്തുന്ന വിവിധ പദ്ധതികൾക്കുള്ള പിന്തുണ ഈ സംവിധാനത്തിൽ നിന്ന് ലഭ്യമാക്കും. ഇത് തുടർച്ചയായി വിപുലീകരിക്കുകയും ചെയ്യും.

**കായിക വകുപ്പ് ആവിഷ്ക്കരിക്കുന്ന സ്കീമുകൾ**

ഒരു പഞ്ചായത്ത് ഒരു കായിക പദ്ധതി, സെൻറർ ഓഫ് എക്സലൻസ്, വൺ സ്കൂൾ വൺ പ്രയോറിറ്റി ഗെയിം, സ്പോർട്സ് അരീന ഡവലപ്മെൻറ്, സ്മാർട്ട് വാക്ക് വേ ഡവലപ്മെന്റ്, കോസ്റ്റൽ ഏരിയ സ്പോർട്സ്, ഹിൽ സ്പോർട്സ്, വാട്ടർ സ്പോർട്സ്, ട്രക്കിങ് ട്രെയിൽസ്, ഔട്ട് ബൗണ്ട് ട്രെയിനിങ് സെന്ററുകൾ, ഡേ ബോർഡിങ് സ്കീം തുടങ്ങി 50 ൽ അധികം പ്രോഗ്രാമുകളും സ്കീമുകളും സമ്മിറ്റിൽ അവതരിപ്പിക്കും. ഇവയെല്ലാം പങ്കാളിത്ത, വികേന്ദ്രീകൃത സ്വഭാവത്തിലുള്ളതാണ്.

**പ്രത്യേക തീമുകൾ**

ഇ സ്പോർട്സ്, വിർച്വൽ സ്പോർട്സ്, കളരി, ബീച്ച് വാട്ടർ അഡ്വഞ്ചർ സ്പോർട്സ്, മിനിയേച്ചർ സ്പോർട്സ് തുടങ്ങിയ പ്രത്യേക തീമുകൾ സമ്മിറ്റിൽ ഉണ്ടാകും.

**സ്റ്റാർട്ടപ്പുകൾക്കായി ഹാക്കത്തോൺ, ഐഡിയത്തോൺ**

കായിക രംഗത്തും അനുബന്ധ മേഖലകളിലും പുതിയ ആശയങ്ങളുമായി വരുന്നവർക്ക് സമ്മിറ്റിൽ വലിയ സാധ്യതകളുണ്ട്. ഇവർക്ക് നിക്ഷേപകരുമായി നെറ്റ്വർക്ക് ചെയ്യുന്നതിനുള്ള അവസരം ഉണ്ടാകും. നിലവിലുള്ള സ്പോർട്സ്, വെൽനെസ്, ഫിറ്റ്നെസ് സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഉല്പന്നങ്ങൾ പരിചയപ്പെടുത്താനും, വിപുലീകരണ പദ്ധതികൾ അവതരിപ്പിക്കാനും സൗകര്യം ഒരുക്കും. മുന്നൊരുക്കത്തിന്റെ ഭാഗമായി ഹാക്കത്തോണും, ഐഡിയത്തോണും സംഘടിപ്പിക്കുന്നുണ്ട്.



**പുതിയ ലീഗുകൾ, ചാമ്പ്യൻഷിപ്പുകൾ**

വിവിധ കായിക ഇനങ്ങളിൽ സംസ്ഥാന, ദേശീയ തലങ്ങളിൽ പുതിയ പ്രൊഫഷണൽ ലീഗുകൾ സമ്മിറ്റിന്റെ ഭാഗമായി അവതരിപ്പിക്കുന്നുണ്ട്. നിലച്ചുപോയ പ്രമുഖ ചാമ്പ്യൻഷിപ്പുകൾ പുനരാരംഭിക്കും. സ്ക്കൂൾ, കോളേജ് തലങ്ങളിലും പ്രൊഫഷണൽ ചാമ്പ്യൻഷിപ്പുകൾ തുടങ്ങും.

**നിക്ഷേപകർക്ക് അവസരങ്ങൾ**

വിവിധ നിക്ഷേപ അവസരങ്ങൾ സമ്മിറ്റ് മുന്നോട്ടുവയ്ക്കുന്നുണ്ട്. നേരിട്ടുള്ള നിക്ഷേപം, പിപിപി മാതൃക, കോ ഓപ്പറേറ്റീവ് മോഡൽ, സോഷ്യൽ വെൻചർ, പീപ്പിൾ കളക്റ്റീവ് തുടങ്ങിയ വ്യത്യസ്ത മാതൃകകൾ സമ്മിറ്റ് മുന്നോട്ട് വയ്ക്കും. നേരിട്ട് നിക്ഷേപ സാധ്യതയുള്ള ഒട്ടേറെ പദ്ധതികളും തയ്യാറാക്കുന്നുണ്ട്.

**ടർഫ് ടു അരീന**

സംസ്ഥാനത്തെ സ്പോർട്സ് ടർഫുകളുടെ സുസ്ഥിര വികസനത്തിനായി ഒരു പ്രത്യേക സ്കീം കായിക വകുപ്പ് മുന്നോട്ടു വയ്ക്കുന്നു. പുതിയ നിക്ഷേപങ്ങൾക്കും, പങ്കാളിത്തങ്ങൾക്കും, വിപുലീകരണത്തിനും, വരുമാന വളർച്ചക്കും, തിരുത്തലുകൾക്കും അവസരങ്ങൾ സൃഷ്ടിക്കും വിധമാണ് അത് വിഭാവനം ചെയ്തിരിക്കുന്നത്.

**റോഡ് ഷോ**

കേരളത്തിന്റെ കായിക ഈറ്റില്ലങ്ങളിലൂടെ 14 ദിവസം നീണ്ടു നിൽക്കുന്ന റൂട്ട്സ് എന്ന റോഡ്ഷോ സമ്മിറ്റിന് മുന്നോടിയായി നടക്കും.

എല്ലാ ജില്ലകളിലൂടെയും കടന്ന് പോകുന്ന റോഡ്ഷോ ജനുവരി 23 ന് സമ്മിറ്റ് വേദിയിൽ എത്തും.

**വി വാക്ക്, സൈക്ലത്തോൺ**

സംസ്ഥാനം മുഴുവൻ ഒരേ ലക്ഷ്യത്തിലേക്ക് നടക്കുന്നുവെന്ന സന്ദേശവുമായി മെഗാ വാക്കത്തോൺ സമ്മിറ്റിന്റെ ഭാഗമായി സംഘടിപ്പിക്കും. ഒരേ ദിവസം ഒരേ സമയം നവ കായിക കേരളമെന്ന ലക്ഷ്യത്തിലേക്ക് കേരളം ഒരുമിച്ച് നടക്കും. സൈക്ലത്തോൺ, മാരത്തണുകൾ, നോളജ് ഫിയസ്റ്റ, ഹോം സ്പോർട്സ് എന്ന ഹാഷ് ടാഗ് ക്യാംപെയിൻ മുതലായവ സമ്മിറ്റിന്റെ മുന്നൊരുക്കത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

**ഡിജിറ്റൽ സമ്മിറ്റ്**

15 ൽ അധികം രാജ്യങ്ങളിൽ നിന്നുള്ള കായിക വിദഗ്ധർ ഓൺലൈനിൽ പങ്കെടുക്കുന്ന ഐഎസ്എസ്കെ ഡിജിറ്റൽ സമ്മിറ്റ് ഡിസംബർ ജനുവരി മാസങ്ങളിലായി നടക്കും.

**സാറ്റലൈറ്റ് ഇൻവെസ്റ്റർ മീറ്റുകൾ**

ഐഎസ്എസ്കെയുടെ ഭാഗമായി സിഐഐ, ഫിക്കി, വ്യാപാര വ്യവസായ സംഘടനകൾ, ചേംബർ ഓഫ് കൊമേഴ്സുകൾ എന്നിവ നിക്ഷേപകർക്കായി വിവിധ നഗരങ്ങളിൽ നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിക്കും

**എൻആർഐ മീറ്റുകൾ**

ലോകമെമ്പാടുമുള്ള മലയാളികളെ കായിക കേരളവുമായി ബന്ധിപ്പിക്കുന്നതിനും, പങ്കാളിത്തം വളർത്തുന്നതിനുമായി വിവിധ രാജ്യങ്ങളിലുള്ള മലയാളികൾക്കായി നിക്ഷേപ സംഗമങ്ങൾ ഓൺലൈനായും ഓഫ് ലൈനായും സംഘടിപ്പിക്കുന്നുണ്ട്. നെയ്ബർഹുഡ് നെറ്റ്വർക്ക് എന്ന സംവിധാനവും വിദേശ മലയാളികൾക്കായി സംഘടിപ്പിക്കുന്നുണ്ട്.

**റിവേഴ്സ് പ്രൊസസ് എൻജിനീയറിങ്**

പങ്കാളിത്തം, നിക്ഷേപം, മുൻകൈകൾ എന്നിവ ടാർഗറ്റ് അധിഷ്ഠിതമായി സമ്മിറ്റിൽ അവതരിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. പരമാവധി ധാരണാപത്രങ്ങളും, താല്പര്യ പത്രങ്ങളും, പദ്ധതി നിർദേശങ്ങളും സമ്മിറ്റിൽ തന്നെ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. 50,000 കോടി രൂപയുടെ സ്പോർട്സ് സമ്പദ്വ്യവസ്ഥ എന്ന ലക്ഷ്യത്തിലേക്കുള്ള കേരളത്തിന്റെ ചുവടുവയ്പായിട്ടാണ് ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള 2024 വിഭാവനം ചെയ്തിരിക്കുന്നത്.



## 15.50 ശതമാനം വരുമാനവുമായി യുടിഐ ലാർജ് ക്യാപ് ഫണ്ട്

**കൊച്ചി:** ഇന്ത്യയിലെ ആദ്യത്തെ ഇക്വിറ്റി അധിഷ്ഠിത ഫണ്ടായ യുടിഐ ലാർജ് ക്യാപ് ഫണ്ട് 15.50 ശതമാനം സംയോജിത വാർഷിക വരുമാനം സൃഷ്ടിച്ചതായി 2023 നവംബർ 30ലെ കണക്കുകൾ സൂചിപ്പിക്കുന്നു. അടിസ്ഥാന സൂചിക 14.18 ശതമാനം മാത്രം നേട്ടം ലഭ്യമാക്കിയപ്പോഴാണിത്. 1986 ഒക്ടോബറിൽ പദ്ധതി ആരംഭിച്ചപ്പോൾ നിക്ഷേപിച്ചിരുന്ന 10 ലക്ഷം രൂപ നവംബർ 30ലെ കണക്കുകൾ പ്രകാരം 21.13 കോടി രൂപയായി വർധിച്ചിട്ടുണ്ട്. നവംബർ 30ലെ കണക്കുകൾ പ്രകാരം 11,673 കോടി രൂപയുടെ നിക്ഷേപമാണ് പദ്ധതിക്കുള്ളത്. ഫണ്ട് ഇതുവരെ 4300 കോടി രൂപയിലേറെ ലാഭവിഹിതമായി നൽകിയിട്ടുണ്ട്.

## സീയ സീസൺസ്: വനിതാ സംരംഭകത്വ സംഗമം 10, 11 തീയതികളിൽ

**കൊച്ചി:** വനിതാ സംരംഭകരുടെ കേരളത്തിലെ ഏറ്റവും വലിയ പ്രദർശനവും സംഗമവും സീയ സീസൺസ് പന്ത്രണ്ടാമത് എഡിഷൻ ഡിസംബർ 10,11 തീയതികളിൽ പനമ്പിള്ളി നഗർ അവന്യൂ സെൻററിൽ നടക്കും. കേരളത്തിനകത്തും പുറത്തും നിന്നെത്തുന്ന നൂറിൽപരം വനിതകളുടെ വ്യത്യസ്ത ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും സംഘടിപ്പിക്കുന്ന സീയ സീസൺസ് എക്സ്ബിഷൻറെ 12 മത് എഡിഷൻ, ഒട്ടേറെ പ്രത്യേകതകളോടെയാണ് ഇത്തവണ നടക്കുന്നത്.

ഡിസംബർ 10 നു രാവിലെ 10 മണിക്ക് ചലച്ചിത്ര, ടെലിവിഷൻ താരം മീനാക്ഷി സംരംഭക സംഗമം ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ചലച്ചിത്ര സംവിധായകരായ സലാം ബാപ്പു, പോളി വടക്കൻ, അനിൽ ചിത്രു, പ്രിയ ശിവദാസ് ( പേഴ്സനാലിറ്റി ട്രെയിനർ), സൂസമ്മ എബ്രഹാം ( വ്ലോഗ്ഗർ, സുഷമ ടോക്സ് ),അഖില അവറാച്ചൻ (മോഡൽ & അവതാരക) തുടങ്ങി പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കും. കേരളത്തിലേയും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന 100 ൽപരം സ്ത്രീ സംരംഭകരുടെ വ്യത്യസ്ത ഉൽപ്പന്നങ്ങൾ പരിചയപ്പെടാൻ എത്തുന്ന സന്ദർശകരായ ഭാഗ്യശാലികൾക്ക് സ്വർണ്ണ നാണയങ്ങളും, ഡയമണ്ട് ലോക്കറ്റ് തുടങ്ങി വിവിധ സമ്മാനങ്ങളും ലഭിക്കും.

സിയ സീസൻസ് സംഘടിപ്പിക്കുന്ന പന്ത്രണ്ടാമത് എഡിഷൻറെ ഭാഗമായി ലഭിക്കുന്ന വരുമാനം നിർദ്ധനരായ ദമ്പതികൾക്ക് വിവാഹ സഹായമായി നൽകുമെന്ന് ഈവന്റ് കോഡിനേറ്റർ സീനത്ത് അഷ്റഫ് പറഞ്ഞു. ഒപ്പം കേരളത്തിലെ വനിതാ സംരംഭകർക്ക് എല്ലാ പിന്തുണയും നിർദേശങ്ങളും ദ്വിദിന മേളയിൽ ലഭിക്കും. വാർത്താ സമ്മേളനത്തിൽ സീനത്ത് അഷറഫ്, പോളി വടക്കൻ ,ലീല ബേബി , അഖില അവറാച്ചൻ, റീത്തു സാം എന്നിവർ പങ്കെടുത്തു. വിശദ വിവരങ്ങൾക്ക്: 9633122900.

## ഡോ. അലൈൻ ക്രൈബിയർ ആസ്റ്റർ മെഡ്സിറ്റിയിൽ സന്ദർശനം നടത്തി



ടാവി സാങ്കേതിക വിദ്യയുടെ ഉപജ്ഞാതാവ് ഡോ. അലൈൻ ക്രൈബിയർ കൊച്ചി ആസ്റ്റർ മെഡ്സിറ്റി സന്ദർശിച്ചപ്പോൾ.

**കൊച്ചി:** ഹൃദ്രോഗ ചികിത്സയിലെ ആധുനിക സാങ്കേതിക വിദ്യകളിലൊന്നായ ട്രാൻസ്കത്തീറ്റർ അയോർട്ടിക് വാൽവ് റീപ്ലേസ്മെന്റിന്റെ (ടാവി) ഉപജ്ഞാതാവും പ്രശസ്ത ഫ്രഞ്ച് സർവകലാശാലയായ റൂവൻ യൂണിവേഴ്സിറ്റിയിലെ കാർഡിയോളജി വിഭാഗം മേധാവിയുമായ ഡോ. അലൈൻ ക്രൈബിയർ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിൽ സന്ദർശനം നടത്തി.റൂവൻ മെഡിക്കൽ ട്രെയിനിംഗ് സെന്ററിന്റെ മെഡിക്കൽ ഡയറക്ടർ കൂടിയായ അദ്ദേഹം കൊച്ചിയിലെ ഹൃദ്രോഗ വിദഗ്ധർക്ക് വേണ്ടി നടത്തിയ ശിൽപ്പശാലയിൽ പങ്കെടുക്കുകയും ടാവി ഉൾപ്പെടെ ഹൃദ്രോഗ ചികിത്സയിലെ നൂതന സാങ്കേതിക വിദ്യകളെ കുറിച്ച് ക്ലാസെടുക്കുകയും ചെയ്തു. കേരളത്തിൽ ആസ്റ്റർ മെഡ്സിറ്റിയിൽ മാത്രമായിരുന്നു അദ്ദേഹം സന്ദർശനം നടത്തിയത്.2002 ഏപ്രിൽ 16 നായിരുന്നു ഡോ. ക്രൈബിയറിന്റെ നേതൃത്വത്തിൽ ലോകത്തെ ആദ്യ ടാവി ശസ്ത്രക്രിയ നടത്തിയത്. ആരോഗ്യ മേഖലയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾക്ക് വഴിയൊരുക്കിയ സംഭവമായിരുന്നു ഇത്. പെർക്യൂട്ടേനിയസ് ഹാർട്ട് വാൽവ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഹൃദ്രോഗ ചികിത്സയിലെ സങ്കീർണത കുറക്കാനും കൂടുതൽ കൃത്യത ഉറപ്പുവരുത്താനും കഴിഞ്ഞു. ആഗോള തലത്തിൽ തന്നെ ആയിരക്കണക്കിന് ഡോക്ടർമാരാണ് ഇന്ന് ടാവി സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഹൃദ്രോഗ ചികിത്സ നടത്തുന്നത്.




# ഫാറ്റ് ടൈഗർ ഔട്ട്ലെറ്റ് കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** ക്വിക് സർവീസ് റെസ്റ്റോറന്റ് (ക്യു.എസ്.ആർ) ശൃംഖലയായ ഫാറ്റ് ടൈഗർ കൊച്ചിയിൽ പുതിയ ഔട്ട്ലെറ്റ് ആരംഭിച്ചു. കാക്കനാട് ഇൻഫോപാർക്ക് റോഡിൽ സുരഭി നഗറിൽ ആരംഭിച്ച പുതിയ ഫ്രാഞ്ചൈസി ഫാറ്റ് ടൈഗറിന്റെ സിഗ്നേച്ചർ രുചി വൈവിധ്യങ്ങൾ കൊണ്ട് ഭക്ഷണ പ്രേമികളുടെ ഇഷ്ട സങ്കേതമായി മാറിക്കൊണ്ടിരിക്കുകയാണ്.

22 നഗരങ്ങളിലായി 50ൽ കൂടുതൽ ഫ്രാഞ്ചസികളാണ് നിലവിൽ ഫാറ്റ് ടൈഗറിനുള്ളത്. അടുത്ത രണ്ടര വർഷം കൊണ്ട് 200 ഫ്രാഞ്ചസികൾ കൂടി ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. കൊച്ചി സ്വദേശിയായ ക്യാപ്റ്റൻ ഫിലിപ്പും ഉത്തരേന്ത്യക്കാരിയായ ഭാര്യ കാഞ്ചി ഫിലിപ്പും ചേർന്നാണ് ഫ്രാഞ്ചസി നടത്തുന്നത്.ഗുണമേന്മയുള്ള ഭക്ഷണവും സമാധാനപരമായ അന്തരീക്ഷവുമായതിനാൽ കുടുംബമായി എത്തുന്നവർക്കും സന്തോഷത്തോടെ ഭക്ഷണം ആസ്വദിക്കാനുള്ള സൗകര്യവും ഔട്ട്ലെറ്റിൽ ഒരുക്കിയിട്ടുണ്ട്. പ്രത്യേകം പരിശീലനം ലഭിച്ച ജീവനക്കാരാണ് ഫാറ്റ് ടൈഗറിന്റെ സിഗ്നേച്ചർ ബർഗർ, റാപ്സ്, സൈഡ്സ് തുടങ്ങിയവയെല്ലാം തയ്യാറാക്കുന്നത്. ഓരോ ബൈറ്റിലും തനത് രുചി ലഭിക്കുന്നതിനായി ഏറ്റവും മികച്ച ചേരുവകളാണ് ഇതിനായി ഉപയോഗിക്കുന്നത്.

നൈനിറ്റാളിലെ തന്റെ സ്കൂൾ വിദ്യാഭ്യാസ കാലത്ത് കഴിച്ച തനത് രുചിയുള്ള വിഭവങ്ങൾ പിന്നീട് ഫാറ്റ് ടൈഗറിൽ നിന്ന് അനുഭവിക്കാൻ കഴിഞ്ഞിരുന്നുവെന്നും അങ്ങനെയാണ് ഈ ഭക്ഷണ സംസ്കാരം കൊച്ചിയിലേക്കും എത്തിക്കാൻ തീരുമാനിച്ചതെന്നും കാഞ്ചി പറഞ്ഞു. മറ്റൊരു ഔട്ട്ലറ്റ് കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും കാഞ്ചി കൂട്ടിച്ചേർത്തു.

കൊച്ചിയിൽ പുതിയ ഫ്രാഞ്ചസി ആരംഭിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ടെന്ന് ഫാറ്റ് ടൈഗറിന്റെ കോ ഫൗണ്ടറും ഡയറക്ടറുമായ സഹിൽ ആര്യ പറഞ്ഞു. ഏറ്റവും നല്ല അന്തരീക്ഷത്തിൽ സ്വാദിഷ്ഠമായ ഭക്ഷണം വിളമ്പുക എന്നതാണ് തങ്ങളുടെ ലക്ഷ്യം. കൊച്ചിക്കാരെ സംബന്ധിച്ചിടത്തോളം ഫാറ്റ് ടൈഗർ ഒരു അവിഭാജ്യ ഘടകമായി മാറുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം വ്യക്തമാക്കി

## വളർത്തു മൃഗങ്ങൾക്കും ഇനി ഓൺലൈൻ ചികിത്സ

**കൊച്ചി:** മക്കളൊക്കെ പഠനത്തിനും ജോലിക്കുമൊക്കെയായി വീടുകളിൽ നിന്നകന്നു പോകുമ്പോൾ ഏകാന്തത അകറ്റാൻ ആശ്വസിക്കാൻ മലയാളികൾ കണ്ടെടുത്ത പുതിയ സഹചാരികളാണ് വളർത്തു മൃഗങ്ങൾ. ഗ്രാമങ്ങളിൽ പശുക്കളും ആടുകളും മുയലുകളും നായ്ക്കളും വീട്ടിലുള്ളവർക്ക് തുണയും ഉത്തരവാദിത്വവും ജീവിതലക്ഷ്യവും ആകുന്നതുപോലെ ഇന്ന് നഗരങ്ങളിലും നായ്ക്കൾ, പൂച്ചകൾ, പലതരം പക്ഷികൾ മുതലായ അരുമ മൃഗങ്ങൾ പല വീടുകളിലും യഥേഷ്ടം കണ്ടുവരുന്നു. ഇവയ്ക്കായുള്ള പെറ്റ് ഷോപ്പുകളും ആശുപത്രികളും ഇന്ന് കൊച്ചി നഗരത്തിലും മറ്റു നഗരങ്ങളിലും കൂണുപോലെ മുക്കിനു മുക്കിന് തുറന്നു പ്രവർത്തിക്കുന്നു. എല്ലാ വീട്ടിലും ഒരു അരുമമൃഗം വളരുന്ന പരിതസ്ഥിതിയിലേക്കാണ് കാര്യങ്ങളുടെ പോക്ക്. പക്ഷേ ഇവറ്റകൾക്ക് എന്തെങ്കിലും രോഗങ്ങളോ മറ്റ് ആരോഗ്യ പ്രശ്നങ്ങളോ വന്നാൽ ഇവയെ ഈ ആശുപത്രികളിൽ കൊണ്ടുപോകുക അത്ര എളുപ്പമുള്ള പണിയല്ല പലർക്കും. വീടുകളിൽ ആംബുലൻസിൽ വന്ന് മൃഗങ്ങളെ കൊണ്ടുപോയി ചികിത്സ നൽകുന്ന മൃഗാശുപത്രികൾ കൊച്ചി നഗരത്തിൽ പലയിടത്തും ഉണ്ടെങ്കിലും പല ചില്ലറ അസുഖങ്ങൾക്കും ഇത്രയും വിലയേറിയ ശുശ്രൂഷാ രീതികൾ എല്ലാവർക്കും താങ്ങാനാവുന്ന ചെലവുകളല്ല.

ഇവിടെയാണ് ഇലക്ട്രോണിക്സ് വിദഗ്ധനും പല രാജ്യങ്ങളിലും പ്രവർത്തിച്ച് സൗദി ടെലികോമിന്റെ ഡയറക്ടർ സ്ഥാനം വരെയെത്തിയ സാജി ചന്ദ്രൻ നയിക്കുന്ന ഐ ടി സ്റ്റാർട്ടപ്പ് കമ്പനിയായ ടെർഷ്യറി കെയർ അവസരം കണ്ടത്.

കോവിഡ് സമയത്ത് പ്രവാസി ജീവിതം അവസാനിപ്പിച്ച് കൊച്ചിയിൽ കുടുംബവുമായി കഴിയവെയാണ് സാജി തന്റെ നാല് സുഹൃത്തുക്കളുമായി ചേർന്ന് ഒരു സ്റ്റാർട്ടപ്പ് കമ്പനിക്ക് രൂപം കൊടുത്ത് സ്വന്തം നാട്ടിൽ തന്നെ വേരുറപ്പിക്കാൻ തീരുമാനം കൊണ്ടത്. കോവിഡ് സമയത്തെ ചികിത്സാ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനുള്ള ഒരു സമ്പൂർണ്ണ ടെലിമെഡിസിൻ പ്ലാറ്റ്ഫോമായ ഡോക്ടർ ടോപ്പുമായി (www.drtop.in) ഈ കമ്പനി പ്രവർത്തനം തുടങ്ങിയത് 2020ലാണ്. ഇന്ന് നൂറിലേറെ ഡോക്ടർമാരുള്ള ബൃഹത്തായ ഒരു മൾട്ടി സ്പെഷ്യാലിറ്റി ഓൺലൈൻ ക്ലിനിക്കായി ഡോക്ടർ ടോപ്പ് പ്രവർത്തിക്കുന്നു.

ഈ സംരംഭത്തിന്റെ വിജയത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടാണ് സാജിയും സുഹൃത്തുക്കളും ഇതേപോലൊരു ഓൺലൈൻ ക്ലിനിക്ക് വളർത്തു മൃഗങ്ങൾക്കായി വിഭാവനം ചെയ്തത്.

സങ്കീർണമായ സർജറികൾ ഒഴിച്ചുള്ള എല്ലാ ചികിത്സകളും മൃഗരോഗിയെ ഓൺലൈൻ ആയി ക്യാമറയിലൂടെ കണ്ട് വിവിധ സ്പെഷ്യലിറ്റിയിലുള്ള ഡോക്ടർമാർക്ക് നടത്തുവാൻ കഴിയും. പശു, നായ, പക്ഷികൾ, പൂച്ച, മുയൽ തുടങ്ങി ഏത് ഇനത്തിൽപ്പെട്ട അരുമകൾക്കും ഇനി ബുദ്ധിമുട്ടി ആശുപത്രികൾ തേടേണ്ടതില്ല.

ഡോക്ടർ പെറ്റ് ഓൺലൈൻ (www.drpetonline.in) എന്ന ഈ ടെലിമെഡിസിൻ പ്ലാറ്റ്ഫോമിൽ ഇപ്പോൾ തന്നെ വിവിധ വകഭേദങ്ങളിലുള്ള അമ്പതിലേറെ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 8075999168.




**ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രയുടെ മുപ്പത്തി ഒൻപതാമത് ആൾ കേരള ഭവൻസ് മുൻഷി അത്‌ലറ്റിക് മീറ്റ് കാക്കനാട് ഭവൻസ് ആദർശ വിദ്യാലയത്തിൽ ഭിന്നശേഷി വിഭാഗം ഇന്ത്യൻ ക്രിക്കറ്റ് ടീം അംഗം അനീഷ് പി രാജൻ ഉദ്ഘാടനം ചെയ്യുന്നു. ഭാരതീയ വിദ്യാഭവൻ കേന്ദ്രം ചീഫ് ഫിനാൻസ് മാനേജർ പി എം വെങ്കിട്ടരാമൻ, പ്രോഗ്രാം ചീഫ് കോർഡിനേറ്റർ മീന വിശ്വനാഥൻ, ഭവൻസ് ആദർശ വിദ്യാലയ പ്രിൻസിപ്പൽ കെ സുരേഷ്, ഡയറക്ടർ ഇ രാമൻകുട്ടി, പി ടി എ പ്രസിഡന്റ് ഹരിറാം എം വി, വൈസ് പ്രിൻസിപ്പൽ ജ്യോതി പി എന്നിവർ സമീപം**

# ആൾ കേരള ഭവൻസ് മുൻഷി അത്‌ലറ്റിക് മീറ്റ് 2023

**കൊച്ചി:** ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര സംഘടിപ്പിച്ച മുപ്പത്തി ഒൻപതാമത് ആൾ കേരള ഭവൻസ് മുൻഷി അത്‌ലറ്റിക് മീറ്റിന് കാക്കനാട് ഭവൻസ് ആദർശ വിദ്യാലയത്തിൽ തുടക്കമായി. സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ ഭിന്നശേഷി വിഭാഗം ഇന്ത്യൻ ക്രിക്കറ്റ് ടീം അംഗം അനീഷ് പി രാജൻ മീറ്റ് ഉദ്ഘാടനം ചെയ്തു.

ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം ഡയറക്ടർ ഇ രാമൻകുട്ടി അധ്യക്ഷത വഹിച്ചു. ആദർശ വിദ്യാലയ പ്രിൻസിപ്പൽ കെ സുരേഷ് സ്വാഗതം ആശംസിച്ചു. ഭവൻസ് വിദ്യാമന്ദിർ എരൂരിലെ കായിക പ്രതിഭ മാസ്റ്റർ അർജുൻ വേണുഗോപാൽ ഡയറക്ടർ ഇ രാമൻകുട്ടിയിൽ നിന്ന് ദീപശിഖ ഏറ്റുവാങ്ങി.

ഭാരതീയ വിദ്യാഭവന്റെ കൊച്ചി കേന്ദ്രയുടെ കീഴിലുള്ള വിവിധ സ്കൂളുകളിലെ കായിക പ്രതിഭകൾ ദീപശിഖ കൈമാറി.

തുടർന്ന് ഭവൻസ് വരുണ വിദ്യാലയ അവതരിപ്പിച്ച ബാൻഡ് മേളം, ഭവൻസ് മുൻഷി വിദ്യാശ്രമം കാഴ്ചവച്ച ഏറോബിക്സ്, ഭവൻസ് എളമക്കര നടത്തിയ യോഗാഭ്യാസ പ്രകടനം എന്നിവ ചടങ്ങിന് നിറപ്പകിട്ടേകി.

ഭവൻസ് ആദർശ വിദ്യാലയത്തിലെ കായിക പ്രതിഭ അഫ്രീൻ ഷക്കീൽ സത്യവാചകം ചൊല്ലിക്കൊടുത്തു. വിവിധ സ്കൂളുകളിലെ പ്രിൻസിപ്പൽമാർ, വൈസ് പ്രിൻസിപ്പൽമാർ, ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്രം പ്രോഗ്രാം ചീഫ് കോർഡിനേറ്റർ മീന വിശ്വനാഥ്, റിസർച്ച് സെന്റർ കോഡിനേറ്റർ ജയ ജേക്കബ്, അക്കാദമിക് കോർഡിനേറ്റർ സുനിത എസ്, വിദ്യാഭ്യാസ ഓഫീസർമാരായ വിജയലക്ഷ്മി, സുകുമാരി മേനോൻ, ഉഷ കെ, അസിസ്റ്റന്റ് വൈസ് പ്രിൻസിപ്പൽ, ജ്യോതിർമയി പി, പി ടി എ പ്രസിഡന്റ് ഹരിറാം എൻ വി, എന്നിവർ ചടങ്ങിൽ പങ്കെടുത്തു. വൈസ് പ്രിൻസിപ്പൽ ജ്യോതി പി നന്ദി പ്രകാശിപ്പിച്ചു.

മുഖ്യാതിഥി അനീഷ് പി രാജനും മറ്റ് പ്രമുഖ വ്യക്തികളും പ്രതീകാത്മക ബലൂൺ പ്രകാശനത്തിന് നേതൃത്വം നൽകി കായിക മത്സരങ്ങൾക്ക് തുടക്കം കുറിച്ചു.

## കാനം രാജേന്ദ്രന്റെ നിര്യാണത്തിൽ ജെ.എസ്.എസ് അനുശോചിച്ചു

**കൊച്ചി :** ഇടത് പ്രത്യയശാസ്ത്രത്തിൽ നിന്നും വ്യതിചലിക്കാതെ പക്വതയോടെ എക്കാലവും പാർട്ടിയെ നയിച്ച ആദർശ ധീരനായിരുന്ന നേതാവായിരുന്നു കാനം രാജേന്ദ്രൻ.സ്വന്തം പാർട്ടിയുടെ വ്യക്തിത്വം നിലനിർത്തിക്കൊണ്ട് തന്നെ ഇടതുമുന്നണിയുടെ കെട്ടുറപ്പ് കാത്തുസൂക്ഷിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നുവെന്ന് അനുശോചന കുറിപ്പിൽ ജെ.എസ്.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ.എൻ.രാജൻബാബു രേഖപ്പെടുത്തി.

## മഹുവ മൊയ്ത്രയെ പുറത്താക്കിയ നടപടി സ്വഭാവിക നീതിയുടെ ലംഘനം: ജെ.എസ്.എസ്

**കൊച്ചി :** തൃണമൂൽ കോൺഗ്രസ് എം.പി. മഹുവ മൊയ്ത്രയെ പാർലമെന്റിൽ നിന്നും പുറത്താക്കിയ നടപടി സ്വാഭാവിക നീതിയുടെ ലംഘനമെന്ന് ജെ.എസ്.എസ്. സംസ്ഥാന കമ്മിറ്റി. സ്വാഭാവിക നീതി എന്നത് ആദാമിന്റെ കാലം മുതലുള്ളതാണ്. ശിക്ഷാധികാരിയായിരുന്ന ദൈവം സർവ്വശക്തനായിരുന്നിട്ടു പോലും ആദാമിനെ ശിക്ഷിക്കുന്നതിന് മുമ്പ് വിശദീകരണം തേടിക്കൊണ്ട് സ്വഭാവിക നീതി നടപ്പാക്കിയിരുന്നു. ശിക്ഷിക്കപ്പെടേണ്ടവരോട് എന്തേ നിന്നെ ശിക്ഷിച്ചു കൂടാ എന്ന് പറയുവാനുള്ള അവസരം നൽകുന്നതാണ് സ്വാഭാവിക നീതി.

ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ പാർലമെന്റിൽ നിന്നും ഒരു അംഗത്തെ പുറത്താക്കിയത് അവിശുദ്ധമായ ധൃതിയിലാണ്.രാവിലെ 12 മണിക്ക് 450 പേജുള്ള റിപ്പോർട്ട് വയ്ക്കുക, രണ്ട് മണിക്ക് ചർച്ച ചെയ്യുക തുടർന്ന് യാതൊരു വിശദീകരണവും തേടാതെ പുറത്താക്കുക എന്നത് ഇന്ത്യയുടെ ചരിത്രത്തിൽ കേട്ടുകൾവിപോലുമില്ലാത്തതാണെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ.എൻ രാജൻ ബാബു കുറ്റപ്പെടുത്തി.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** എസ് ആർ സി കമ്മ്യൂണിറ്റി കോളേജ് സർട്ടിഫിക്കറ്റ്/ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി പ്രോഗ്രാമിന് ഓൺലൈനായി അപേക്ഷിക്കാം സർട്ടിഫിക്കറ്റ് കോഴ്സിന് ആറുമാസവും ഡിപ്ലോമ കോഴ്സിന് ഒരു വർഷവുമാണ് കാലാവധി. പ്രായപരിധി 18 വയസ്സിനു മേൽ. ശനി/ ഞായർ/പൊതു അവധി ദിവസങ്ങളിലാകും ക്ലാസുകൾ സംഘടിപ്പിക്കുന്നത് https://apps.rccc.in/register ൽ ഡിസംബർ 31നകം സമർപ്പിക്കണം.

വിവരങ്ങൾക്ക് wwws.rccc.in ആശ്രയ സെന്റർ ഫോർ സൈക്കോളജിക്കൽ കൗൺസിലിങ്, തോപ്പുംപടി, എറണാകുളം ഫോൺ 9061355337.

### റീടെയിൽ അവാർഡുകൾ സമ്മാനിച്ചു

## ഇന്ത്യൻ റീറ്റെയ്ൽ രംഗം ലോകത്തെ മൂന്നാമത്തെ വലിയ ശക്തിയാകുമെന്ന് വിദഗ്ധർ

**കൊച്ചി:** ഇന്ത്യൻ ജി.ഡി.പിയിൽ 10 ശതമാനം പങ്കുവഹിക്കുന്ന റീറ്റെയ്ൽ രംഗം അതിവേഗ വളർച്ചയുമായി വൈകാതെ ലോകത്തെ മൂന്നാമത്തെ വലിയ ശക്തിയായി മാറുമെന്ന് ആദിത്യ ബിർള ടെക്സ്റ്റൈൽസ് മുൻ ബിസിനസ് ഹെഡ്ഡും ആദിത്യ ബിർള റീറ്റെയ്ൽ മുൻ മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ തോമസ് വർഗീസ് പറഞ്ഞു.

കൊച്ചി ലെ മെറിഡിയനിൽ നടന്ന ധനം റീറ്റെയ്ൽ, ഫ്രാഞ്ചൈസ് സമ്മിറ്റിൽ മുഖ്യാതിഥിയായി സംബന്ധിക്കുകയായിരുന്നു അദ്ദേഹം. സാമ്പത്തിക വിദഗ്ധനും വർമ ആൻഡ് വർമ ചാർട്ടേഡ് അക്കൗണ്ടന്റ്സ് മുൻ മാനേജിംഗ് പാർട്ണറുമായ വേണുഗോപാൽ സി. ഗോവിന്ദ്, അസ്വാനി ലച്മൻദാസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ദീപക് അസ്വാനി, റീറ്റെയ്ൽ കൺസൾട്ടന്റും ഗ്രന്ഥകാരനും സ്ട്രാറ്റജിക് ഡിസൈൻ വിദഗ്ധനും എൻ.ഐ.ഡി മുൻ ഡയറക്റ്ററുമായ ഡാർലി കോശി, ബാങ്ക് ഓഫ് ബറോഡ സോണൽ ഹെഡ് ശ്രീജിത്ത് കൊട്ടാരത്തിൽ, ധനം ചീഫ് എഡിറ്ററും ചെയർമാനുമായ കുര്യൻ ഏബ്രഹാം, എക്സിക്യൂട്ടീവ് എഡിറ്റർ മരിയ ഏബ്രഹാം എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. രാവിലെ 9.30 മുതൽ രാത്രി 9.30 വരെ കൊച്ചി ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടന്ന സമിറ്റിലും അവാർഡ്ദാന ചടങ്ങിലുമായി 20 ലേറെ വിദഗ്ധരാണ് പ്രഭാഷണം നടത്തിയത്. റീറ്റെയ്ൽ മേഖലയിലെ സമകാലികമായ വിഷയങ്ങളെ കേന്ദ്രീകരിച്ച് മൂന്ന് പാനൽ ചർച്ചകളും നടന്നു.

അവാർഡ് നിശയിൽ വെച്ച് ധനം റീറ്റെയ്‌ലർ ഓഫ് ദി ഇയർ പുരസ്കാരം കല്യാൺ സിൽക്ക്സ് ചെയർമാനും മാനേജിംഗ് ഡയറക്റ്ററുമായ ടി എസ് പട്ടാഭിരാമന് തോമസ് വർഗീസ് സമ്മാനിച്ചു. ധനം റീറ്റെയ്ൽ സ്റ്റാർട്ടപ്പ് ഓഫ് ദി ഇയർ പുരസ്കാരം ബിയോണ്ട് സ്നാക്ക് സ്ഥാപകൻ മാനസ് മധു ഏറ്റുവാങ്ങി.




**ധനം റീറ്റെയ്ൽ ആൻഡ് ഫ്രാഞ്ചൈസ് സമ്മിറ്റ് 2023ന് കൊച്ചി ലെ മെറിഡിയനിൽ തുടക്കം കുറിച്ചുകൊണ്ട് ആദിത്യ ബിർള റീറ്റെയ്‌ലിന്റെ മുൻ മാനേജിംഗ് ഡയറക്റ്ററും സി.ഇ.ഒയുമായ തോമസ് വർഗീസ്, സാമ്പത്തിക വിദഗ്ധനും വർമ ആൻഡ് വർമ ചാർട്ടേഡ് അക്കൗണ്ടന്റ്സ് മുൻ മാനേജിംഗ് പാർട്ണറുമായ വേണുഗോപാൽ സി. ഗോവിന്ദ്, അസ്വാനി ലച്മൻദാസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ദീപക് അസ്വാനി, റീറ്റെയ്ൽ കൺസൾട്ടന്റും ഗ്രന്ഥകാരനും സ്ട്രാറ്റജിക് ഡിസൈൻ വിദഗ്ധനും എൻ.ഐ.ഡി മുൻ ഡയറക്റ്ററുമായ ഡാർലി കോശി, ബാങ്ക് ഓഫ് ബറോഡ സോണൽ ഹെഡ് ശ്രീജിത്ത് കൊട്ടാരത്തിൽ, ധനം ചീഫ് എഡിറ്റർ കുര്യൻ ഏബ്രഹാം, എക്സിക്യൂട്ടീവ് എഡിറ്റർ മരിയ ഏബ്രഹാം എന്നിവർ ചേർന്ന് തിരിതെളിക്കുന്നു**



# ലഹരിക്കെതിരെ ഒറ്റക്കെട്ടായി കേരളത്തിലെ ഐടി ലോകം

**കൊച്ചി:** മയക്ക് മരുന്നടക്കമുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ അപകടകരമാം വിധം വർധിച്ച സാഹചര്യത്തിൽ കേരളത്തിലെ ഐടി ലോകം ഇതിനെതിരെ ശക്തമായ സന്ദേശവുമായി രംഗത്തെത്തി. സംസ്ഥാനത്തെ ഐടി കമ്പനികളുടെ വ്യവസായ കൂട്ടായ്മയായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ്(ജിടെക്) ലഹരിക്കെതിരെ നടത്തുന്ന പ്രചരണ പരിപാടികളുടെ ഭാഗമായി കൊച്ചി ഇൻഫോപാർക്കിൽ നടന്ന മോബ് ഡാൻസ് തൃക്കാക്കര എംഎൽഎ ഉമാ തോമസ് ഉദ്ഘാടനം ചെയ്തു.

ഇൻഫോ പാർക്കിലെ വിവിധ കമ്പനികളിൽ നിന്നുള്ള ആയിരത്തിലധികം പ്രൊഫഷണലുകളും സിഇഒമാരും ഇതിൽ പങ്കെടുത്തു. ബൈക്ക് റാലി, തത്സമയ ബാൻഡ് എന്നിവയ്ക്കൊപ്പം ചലച്ചിത്ര പ്രവർത്തകരും പരിപാടിയിൽ പങ്കെടുത്തു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ലഹരിമയക്കുമരുന്ന് ഉപയോഗത്തിൽ നാല് മടങ്ങ് വർധനയുണ്ടായതായി ഉമ തോമസ് ചൂണ്ടിക്കാട്ടി. സമൂഹത്തിന് തീർത്താൽ തീരാത്ത നഷ്ടമാണ് ഇതുമൂലമുണ്ടാകുന്നതെന്ന വസ്തുത മനസിലാക്കി എല്ലാവരും ഒറ്റക്കെട്ടായി ഈ വിപത്തിനെതിരെ പോരാടണമെന്നും അവർ ആഹ്വാനം ചെയ്തു. നോ ടു ഡ്രഗ്സ്, യെസ് ടു ഫിറ്റ്നസ് എന്നതാകണം മുദ്രാവാക്യം. ഇവിടെ കൂടിയിരിക്കുന്ന ജനക്കൂട്ടം പ്രതീക്ഷ നൽകുന്നതാണ്. ഇത്തരം പ്രചാരണ പരിപാടികൾ ബഹുജന മുന്നേറ്റമാക്കി മാറ്റിക്കൊണ്ട് കേരളത്തെ ലഹരിവിമുക്തമാക്കണമെന്നും അവർ പറഞ്ഞു.

സംസ്ഥാനത്തെ ഐടി പ്രൊഫഷണലുകളിൽ 80 ശതമാനത്തോളം പേരും ജിടെക് സംഘടനയുടെ ഭാഗമാണ്. ഒന്നരലക്ഷത്തിലധികം അംഗങ്ങളാണ് ഇതിലുള്ളത്. ടിസിഎസ്, ഇൻഫോസിസ്, വിപ്രോ, കോഗ്നിസെൻറ്, ഐബിഎസ് സോഫ്റ്റ് വെയേഴ്സ്, യുഎസ്ടി, ഇ വൈ, ടാറ്റ എൽഎക്സി തുടങ്ങിയവ ജിടെക് അംഗങ്ങളാണ്. ലഹരിക്കെതിരായ പ്രചാരണത്തിൻറെ സമാപനം 2024 ഫെബ്രുവരി 11 ഞായറാഴ്ച വമ്പിച്ച മാരത്തോൺ പരിപാടിയോടെ നടക്കും. 5000 ലധികം പേരാണ് ഈ പരിപാടിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നത്. കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ മാരത്തോണാകും ഇതെന്നാണ് കണക്കുകൂട്ടുന്നത്. www.gtech-marathon.com എന്ന വെബ്സൈറ്റിലൂടെ മാരത്തോണിന് രജിസ്റ്റർ ചെയ്യാം.

# മാലിന്യ സംസ്കരണം: ജില്ലയിൽ നിന്നു നീക്കം ചെയ്തത് 5000 ടൺ അധികം മാലിന്യങ്ങൾ



**കൊച്ചി:** നിലവിലെ സാമ്പത്തിക വർഷത്തിൽ ജില്ലയിൽ നിന്നു നീക്കം ചെയ്തത് 5000 ടൺ അധികം മാലിന്യങ്ങൾ. ഇതിൽ 700 ടൺ അധികം തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യവും 100 ടണ്ണോളം ചില്ലു മാലിന്യവും 4200 ടണ്ണോളം പുന:ചംക്രമണ യോഗ്യമല്ലാത്ത മാലിന്യവും ഉൾപ്പെടുന്നു.

ഹരിത കർമ്മ സേനാംഗങ്ങൾ തരംതിരിച്ച് നൽകുന്ന മാലിന്യങ്ങളുടെ അളവിൽ 60 ശതമാനം വർധനയാണ് ഉണ്ടായിരിക്കുന്നത്. എടവനക്കാട്, ചിറ്റാറ്റുകര, കരുമാലൂർ, ഞാറക്കൽ, മഞ്ഞപ്ര, വെങ്ങോല, ആലങ്ങാട്, മുളവുകാട് ഗ്രാമപഞ്ചായത്തുകളിലെയും മരട്, നോർത്ത് പറവൂർ, ഏലൂർ നഗരസഭകളിലെയും ഹരിത കർമ്മ സേനാംഗങ്ങൾ ആണ് മാലിന്യങ്ങൾ വേർതിരിച്ചു നൽകുന്ന കാര്യത്തിൽ മുന്നിട്ടു നിൽക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ക്ലീൻ കേരള കമ്പനി നീക്കം ചെയ്യുന്ന നിഷ്ക്രിയ മാലിന്യങ്ങളുടെ അളവ് ഏപ്രിൽ മാസത്തെ അപേക്ഷിച്ച് നവംബർ മാസത്തോടെത്തിയപ്പോൾ 65 ശതമാനം വർധന ഉണ്ടായിട്ടുണ്ട്. മാലിന്യമുക്ത നവകേരളം ക്യാമ്പയിനോടനുബന്ധിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശേഖരിക്കുന്ന മാലിന്യം സമയബന്ധിതമായി തന്നെ നീക്കം ചെയ്യുവാൻ ക്ലീൻ കേരള കമ്പനിക്ക് സാധിക്കുന്നുണ്ട്.

# വികസിത് ഭാരത് സങ്കൽപ് യാത്രയിൽ പങ്കെടുത്തവരുടെ എണ്ണം 1 കോടി കടന്നു

**ന്യൂ ഡൽഹി:** പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 നവംബർ 15 ന് ഉദ്ഘാടനം ചെയ്ത വികസിത് ഭാരത് സങ്കൽപ് യാത്ര, രാജ്യവ്യാപകമായി പൗരന്മാരുമായുള്ള ബന്ധം ഊട്ടിയുറപ്പിച്ചുകൊണ്ടുള്ള പരിവർത്തന യാത്രയായി മാറിയിരിക്കുകയാണ്.

MEITY വികസിപ്പിച്ചെടുത്ത പ്രത്യേക പോർട്ടലിലെ ഡാറ്റ പ്രകാരം, 2023 ഡിസംബർ 7 വരെ, 36,000ൽ അധികം ഗ്രാമപഞ്ചായത്തുകളിൽ യാത്ര പര്യടനം നടത്തുകയും, ഒരു കോടിയിലധികം പൗരന്മാർ അതിൽ പങ്കെടുക്കുകയും ചെയ്തു. 37 ലക്ഷത്തിലധികം ആളുകൾ പങ്കെടുക്കുന്ന ഉത്തർപ്രദേശ് മുന്നിലും, തൊട്ടുപിന്നിൽ 12.07 ലക്ഷം പേർ പങ്കെടുത്ത മഹാരാഷ്ട്രയും, 11.58 ലക്ഷം പേർ പങ്കെടുത്ത ഗുജറാത്തുമാണ്. ഇതുവരെ 9 ലക്ഷത്തിലധികം ആളുകൾ പങ്കെടുത്ത ജമ്മുകശ്മീരിലും യാത്രയ്ക്ക് മികച്ച സ്വീകരണമാണ് ലഭിച്ചത്.

ജനക്ഷേമത്തിനായി സർക്കാർ പദ്ധതികൾ ഉപയോഗപ്പെടുത്തണമെന്ന് ആഹ്വാനം ചെയ്യുന്ന IEC വാനുകൾ 2.60 ലക്ഷത്തിലേറെ ഗ്രാമപഞ്ചായത്തുകളും 3600ലധികം നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സന്ദർശിക്കാനാണ് യാത്ര ലക്ഷ്യമിടുന്നത്.

സ്ത്രീകൾക്കായുള്ള കേന്ദ്ര പദ്ധതികളെ കുറിച്ച് അവബോധം നൽകുക എന്നതാണ് യാത്രയുടെ ഒരു പ്രധാന ഉദ്ദേശ്യം. 46,000ലധികം ഗുണഭോക്താക്കൾ പ്രധാനമന്ത്രി ഉജ്ജ്വല പദ്ധതിയിൽ ചേർന്നു. ആരോഗ്യ ക്യാമ്പുകൾക്കും വൻ സ്വീകരണമാണ് ലഭിച്ചത്. ഇതുവരെ 22 ലക്ഷം പേരാണ് ക്യാമ്പുകളിൽ പരിശോധനയ്ക്ക് എത്തിയത്.

വികസിത് ഭാരത് സങ്കൽപ് യാത്രയുടെ ഭാഗമായി കർഷകർക്കായി നടത്തിയ ഡ്രോൺ പ്രദർശനം പ്രധാന ആകർഷണമായിരുന്നു.

ഡ്രോൺ ദീദി സ്കീം നിലവിൽ വന്നതോടെ 15,000 വനിതാ സ്വയം സഹായ സംഘങ്ങൾക്ക് ഡ്രോണുകൾ നൽകുകയും ഇതിലെ രണ്ട് അംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്യുന്നു.

ഡ്രോൺ പ്രദർശനം കാണുന്നതിന് ധാരാളം സ്ത്രീകളും എത്തിയിരുന്നു. സ്വയം സഹായ സംഘങ്ങൾ ഡ്രോൺ സേവനങ്ങൾ ചെറിയ തുകയ്ക്ക് വാടകയ്ക്ക് നൽകുന്നതിലൂടെ സംഘാംഗങ്ങൾക്ക് മറ്റൊരു വരുമാന മാർഗ്ഗവുമാകുന്നു.

